# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നമ്പർ : 291/11/12/2025/

പരാതികക്ഷി മിനി മാധവൻ,TC.1149/70,പുഷ്പാഞ്ജലി,ആറ്റുകാൽ
മണക്കാട്, തിരുവനന്തപുരം

എതിർകക്ഷികൾ

ഉത്തരവ് തീയതി 06.11.2025

ഹർജികക്ഷിയുടെ ഭർത്താവ് N. രാജു പാലാ ജനറൽ ആശുപത്രിയിൽ നിന്നും 30.04.2021 തീയതി വിരമിച്ചതായും നാളിതുവരെ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളൊന്നും ലഭിച്ചിട്ടില്ല എന്നും മറ്റുമാണ് പരാതി വിഷയം.

2. പരാതി വിഷയത്തിൽ കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ 19.02.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചറിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ താഴെ കൊടുക്കുന്നു;

"ശ്രീ.രാജു.എൻ-ൻ്റെ സർവ്വീസ് കാലം പരിശോധിച്ചാൽ ടി ജീവനക്കാരൻ പാലാ ജനറൽ ആശുപത്രിയിലെ ഹ്രസ്വസേവന കാലം ഒഴിച്ച് ബാക്കി ഭൂരിഭാഗവും ജോലി ചെയ്തിരുന്നത് സിംഗിൾ ക്ലാർക്ക് / 2 ക്ലാർക്ക് എന്ന പാറ്റേണിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി, സി.എച്ച്.സി കളിലാണെന്ന് അറിയിക്കുന്നു. ടിയാൾക്ക് സർവ്വീസ് കാര്യത്തെക്കുറിച്ചും ജീവനക്കാരൻ്റെ ഡ്യൂട്ടിസ് & റെസ്പോൺസിബിലിറ്റി എന്നതിനെക്കുറിച്ചും ബോധ്യമുണ്ട് എന്നാണ് വിശ്വസിക്കുന്നത്. എന്നാൽ 2006 ൽ വകുപ്പ് തല പരീക്ഷ പൂർത്തീകരിച്ചിട്ടും ആയതിൻ്റെ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ സർവ്വിൻറെ ഭൂരിഭാഗം ചെലവഴിച്ചത് ജീവനക്കാരൻ്റെ ഭാഗത്ത് നിന്നുള്ള കൃത്യവിലോപമായി പരിഗണിക്കാവുന്നതാണ്. എഫ്.എച്ച്.സി ഈരാറ്റുപേട്ടയിൽ ക്ലാർക്ക് തസ്തിക യിൽ ജോലി ചെയ്യവേ ജോലികാര്യങ്ങളിൽ വീഴ്ച വരുത്തുകയും അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിലും ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നതിലും ഗുരുതര വീഴ്ച വരുത്തിയതിൻ്റെ അടിസ്ഥാനത്തിലാണ് ടിയാളെ സൂപ്പർവൈസർ ഉള്ള പാലാ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റിയതെന്നും അങ്ങയെ അറിയിക്കുന്നു.

തങ്ങളുടെ പരിമിതിയ്ക്കുള്ളിൽ നിന്നും ആവശ്യമായ എല്ലാ സേവനങ്ങളും വിരമിച്ച ജീവനക്കാരൻ എന്ന നിലയിൽ ശ്രീ രാജുവിന് പാല ജനറൽ ആശുപത്രിയിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് ആശുപത്രി സൂപ്രണ്ടിന്റെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ മനസ്സിലാക്കുന്നു. പരിവീക്ഷണകാലം പൂർത്തീകരിച്ച് ഉത്തരവ് ലഭി

ജീവനക്കാരൻ്റെ ശമ്പളം പുന നിർണ്ണയിക്കുന്നതിന് ആവശ്യമായ നട
സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്ന് മനസ്സിലാക്കി
സർവ്വീസിൽ നിന്നും പിരിഞ്ഞ് പോയതിനാൽ ഉപജീവനത്തിനായി ജീവനക്കാര
ലഭിക്കുന്നതിന് ആയതിന്റെ പ്രൊപ്പോസൽ അടിയന്തിരമായി നൽകുവാൻ ജീവനക്കാര
നിർദ്ദേശം നൽകുകയും ജീവനക്കാരൻ ആയത് നിരാകരിച്ച് തൻ്റെ ശമ്പളം പുന
നിർണ്ണയിച്ച് ശേഷം അരിയറും ഹയർ ഗ്രേഡുകളും അനുവദിച്ച് നൽകിയതിന് ശേ
മാത്രമേ പെൻഷൻ പ്രൊപ്പോസൽ നൽകിയാൽ മതിയെന്ന് രേഖാമൂലം അറിയിക്കുക
ചെയ്യുകയാണ് ഉണ്ടായത്. ആയത് ലഭ്യമായതിന് ശേഷം ശമ്പളം പുന: നിർണ്ണയിക്കുക
സ്പാർക്ക് ലഭ്യമായ കാലയളവിലെ ശമ്പള അരിയർ പ്രോസ്സസ്സ് ചെയ്യു കയും നോൺ
സ്പാർക്ക" പീരിയഡിലെ ശമ്പള വർദ്ധനവ് മാനുവൽ ബിൽ പ്രകാരം എഴുതി തയ്യാ
റാക്കുകയും സ്പാർക്ക് സാലറി അരിയർ ഇനത്തിൽ 11,34,566/- രൂപ ജീവനക്കാരന്
അനുവദിച്ച് നൽകുകയും ആദായനികുതി കിഴിച്ച് 10,68,176/-(പത്ത് ലക്ഷത്തി
അറുപത്തെണ്ണായിരത്തി ഒരു നൂറ്റി എഴുപത്തിയാറ് രൂപ മാത്രം) അക്കൗണ്ട് മുഖേന
ജീവനക്കാരന് നൽകിയിട്ടുണ്ടെന്ന് പാലാ ജന റൽ ആശുപത്രി സൂപ്രണ്ട് റിപ്പോർട്ട്
നൽകിയിരിക്കുന്നു. കൂടാതെ ജീവനക്കാരൻ നോൺസ്പാർക്ക് പീരിയഡിലെ ശമ്പള
അരിയർ മാറി നൽകുന്നതിന് ബില്ല് തയ്യാറാക്കി ഫിനാൻസ് ഡിപ്പാർട്ട്മെന്റിൻ്റെ
അനുമതിയ്ക്കായി ജില്ലാ മെഡിക്കൽ ആഫീസ് മുഖേന ആരോഗ്യവകുപ്പ് ഡയറക്ടർക്ക്
നൽകിയിട്ടുണ്ട്. ഡി.എ അരിയർ ഇനത്തിൽ 96,348/-(തൊണ്ണൂറ്ററായിരത്തി മുന്നൂറ്റി
നാൽപത്തിയെട്ട് രൂപ മാത്രം) ജീവനക്കാരന് മാറി നൽകിയിട്ടുള്ളതായും ജനറൽ ആശു
പക്തി
പാലാ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയത് കൂടാതെ ജീവനക്കാരൻ്റെ ശമ്പളം പുതിയ
ശമ്പള പരിഷ്കരണം അനുസരിച്ചുള്ള സ്കെയിലിലേയ്ക്ക് ഫിക്സ് ചെയ്തിരിക്കുന്നതായും
ആയതിൻറെ അരിയർ പ്രോസ്സസ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച
വരുന്നതായും റിപ്പോർട്ട് ചെയ്തിരി ക്കുന്നു. 09/04/2024 ൽ പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള
അപേക്ഷ പ്രിസം സോഫ്റ്റ് വെയർ മുഖേന ടിയാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.
പ്രൊബേഷൻ ഡിക്ലയർ ചെയ്യുതുമായി ബന്ധപ്പെട്ട് 2011 വരെയുള്ള വാർഷിക
വർദ്ധനവിന്റെ കുടിശിക (സ്പാർക്ക് സോഫ്റ്റ് വെയർ വരുന്നതിന് മുമ്പുള്ളത്)
ലഭിക്കുന്നതിനുള്ള ബിൽ തയ്യാറാക്കി സേവന പുസ്തകത്തോടൊപ്പം സർക്കാരിന്റെ മുൻകൂർ
പരിശോധനയ്ക്കും അനുമതിയ്ക്കുമായി ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക്
19/10/2023 തീയതിയിൽ അയച്ചിരിക്കുന്നതിനാൽ പെൻഷൻ അപേക്ഷയുടെ അസ്സൽ
പകർപ്പ് സമർപ്പിക്കുവാൻ സാധിക്കുന്നില്ലായെന്ന വിവരം 20/05/2024 ൽ കത്ത് മുഖാന്തിരം
ടിയാനെ സ്ഥാപന മേധാവി അറിയിച്ചിട്ടുള്ളതാകുന്നു.

അരിയർ കുടിശികയും മറ്റും ലഭിക്കുന്നതിലേക്കായി സേവന പുസ്തകം അടക്കം
സർക്കാരിന്റെ പരിഗണനയിൽ ആയതിനാൽ ടി സേവന പുസ്തകം ലഭ്യമാകാതെ
പെൻഷൻ രേഖകൾ അക്കൗണ്ടന്റ് ജനറലിന്റെ ആഫീസിലേക്ക് അയക്കുവാൻ ജില്ലാ

മെഡിക്കൽ ഓഫീസർ (ആരോഗ്യം)-ക്ക് സാധിക്കില്ലായെന്നും അങ്ങയെ അറിയിച്ചുകൊള്ളുന്നു.

പ്രൊബേഷനടക്കമുള്ള നടപടികൾ ടിയാൻ പെൻഷൻ ആയതിനുശേഷം ആരംഭിച്ചതിനാലാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കാലതാമസമുണ്ടായത്. ടിയാളുടെ സേവന പുസ്തകം ലഭ്യമായാൽ ഉടൻതന്നെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരവും അങ്ങയെ അറിയിച്ചുകൊള്ളുന്നു."

3. പരാതി പരിഗണനയ്ക്കെടുത്ത 06.11.2025 തീയതി ഹർജികക്ഷി ഹാജരായി ആക്ഷേപം സമർപ്പിച്ച ടിയാന്റെ ശമ്പള.പരിഷ്കരണ അരിയർ തുകയും ടെർമിനൽ ലീവ് സറണ്ടറും മറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ ഡിഎംഒയ്ക്ക് നൽകിയിട്ടുണ്ടെന്നും ടി അരിയർ തുകകൾ ലഭിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ഉണ്ടാകണമെന്നും ആക്ഷേപത്തിൽ പറയുന്നു.

പരാതികക്ഷിക്ക് അർഹതപ്പെട്ട ശമ്പള പരിഷ്കരണ ആനുകൂല്യങ്ങളും, ടെർമിനൽ ലീവ് സറണ്ടറും ലഭിച്ചിട്ടില്ല എന്ന ആരോപണം DMO പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആനുകൂല്യങ്ങളെ സംബന്ധിച്ച് കൂടുതൽ തർക്കം ഉണ്ടെങ്കിൽ പരാതികക്ഷിക്ക് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ച് നിവൃത്തി നേടാവുന്നതാണ്. അതിനുള്ള സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ ഹർജികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ